"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 — കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് ടി പാടശേഖരത്തിലെ 121/1, 122/1, 123/1, 124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാലാ സമർപ്പിച്ച അപേക്ഷ - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.29/2023/AGRI തീയതി,തിരുവനന്തപുരം, 11-04-2023**

---

പരാമർശം:- 1. പാലാ മണ്ണ് സംരക്ഷണ ഓഫീസർ സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത തലയോലപ്പറമ്പ് കൃഷി ഓഫീസറുടെ 21/01/2022 തീയതിയിലെ കെ.ബി.റ്റി.എൽ.പി. 02/21-22 നം. കത്ത്.

2. 03/03/2022 തീയതിയിലെ സംസ്ഥാനതലസമിതി യോഗ തീരുമാനം.

3. 22/11/2022 തീയതിയിലെ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ SSSC/1497/2022-PG (4) നം. റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് ടി പാടശേഖരത്തിലെ 121/1, 122/1, 123/1, 124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാലാ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പരിശോധിക്കുകയും, കർഷകർക്ക് കൃഷി ഭൂമിയിലേയ്ക്ക് കാർഷിക സാമഗ്രഹികളും, കൃഷിയന്ത്രങ്ങളും കൊണ്ടുപോകുന്നതിന് ടി നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാലാ സമർപ്പിച്ച അപേക്ഷയിന്മേൽ നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും എന്നും, ഭാവിയിൽ മറ്റ് നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട് തുടങ്ങിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് XXIV പദ്ധതിയിൽ നിന്ന് പ്രസ്തുത പ്രവൃത്തി ഒഴിവാക്കുവാനും അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. നബാർഡ് ആർ.ഐ.ഡി.എഫ് XXIV - ആലങ്കേരി പാടശേഖരം, തലയോലപറമ്പ് പഞ്ചായത്ത്, കോട്ടയം - ഫാം ബണ്ട് എന്ന പ്രവൃത്തിക്ക് 80.115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും, കർഷകരുടെ ആവശ്യപ്രകാരം പാടശേഖരത്തിലൂടെ കൃഷിക്കാവശ്യമായ അസംസ്കൃത വസ്തുക്കളും

യന്ത്രസാമഗ്രികളും കൊണ്ടുപോകുന്നതിനും കാർഷിക ഉത്പന്നങ്ങൾ തിരികെ കൊണ്ടുവരുന്നതിനും യാതൊരുവിധ മാർഗ്ഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിലാണ് മേൽ പ്രവൃത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്നും ഫാം ബണ്ട് ഇല്ലാത്ത സാഹചര്യത്തിൽ കർഷകർ വളരെയേറെ ക്ലേശങ്ങൾ സഹിച്ചും സാമ്പത്തികമായി വളരെ ചെലവ് ഉൾക്കൊണ്ടുമാണ് ഇപ്പോൾ ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതെന്നും, പാടശേഖരത്തിലെ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയോ കൃഷി നടത്താൻ പറ്റാത്ത സാഹചര്യങ്ങൾ നിലനിൽക്കുകയോ ചെയ്യുന്നില്ല എന്നും കർഷകർക്ക് വളരെയേറെ ഉപകാരപ്രദവും കാർഷിക ചെലവ് കുറയ്ക്കുവാൻ സാധ്യമാകുമെന്നതിനാൽ, മേൽ പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം കൈവരിക്കുന്നതിനായി ഫാം ബണ്ടിന്റെ നിർമ്മാണം അത്യന്താപേക്ഷിതമാണെന്നും പരാമർശം (3) പ്രകാരം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് ടി പാടശേഖരത്തിലെ 121/1, 122/1, 123/1, 124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) നിർദ്ദിഷ്ട ബണ്ട് റോഡിന്റെ ഇരുവശങ്ങളിലേയും പാടശേഖരത്തിലെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും, ജലനിർഗ്ഗമനത്തിനും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുവേണ്ടി മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ ഓഫീസർ, പാലാ, കോട്ടയം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ-680656. nameer.po@kau.in
ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടീകൾച്ചർ, റീജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, കോട്ടയം.

കൃഷി ഓഫീസർ, കൃഷി ഭവൻ, തലയോലപറമ്പ്, കോട്ടയം.

വില്ലേജ് ഓഫീസർ, വടയാർ,കോട്ടയം.

പൊതുഭരണ (എസ്.സി) വകുപ്പ് [05.04.2023-ലെ മന്ത്രിസഭാ യോഗ തീരുമാനം. ഇനം.നമ്പർ.1465 പ്രകാരം]

വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന്]

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/84/2022-AGRI].

ഉത്തരവിൻ പ്രകാരം

Signed by
Archana.b.p
Date: 11-04-2023 11:42:14

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1.ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്സ്.
2.കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-04-2023

ഫയൽ നം. 84/എൻ.സി.എ.2/2022/കൃഷി. ഇനം നം: 1465

വിഷയം : കൃഷി വകുപ്പ് - കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ പാല സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

G.O
10/4/23 directed
10/4/2023
AS

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 84/എൻ.സി.എ 2/2022/കൃഷി |
| 2 | വകുപ്പ് | : | കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ പാല സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/03/2023 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി വി.എൽ. ബീന. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ.സാബിർ ഹുസൈൻ |
| 9 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ബി.അശോക് |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/04/2023 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി. ജോയ് . |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/04/2023 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.പ്രസാദ് |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04/04/2023 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/04/2023 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് ടി പാടശേഖരത്തിലെ 121/1,122/1,123/1,124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ പാല സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഫാം റോഡ് നിർമ്മിക്കുന്നതിന് 121/1,122/1,123/1,124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാല സമർപ്പിച്ച അപേക്ഷ സംസ്ഥാനതലസമിതി 03-03-2022 തീയതിയിൽ വിശദമായി പരിശോധിക്കുകയും കോട്ടയം ജില്ലയിൽ വടയാർ വില്ലേജിൽ 126.738 സെന്റ് പരിവർത്തനപ്പെടുത്തി കർഷകർക്ക് കൃഷി ഭൂമിയിലേയ്ക്ക് കാർഷിക സാമഗ്രഹികളും കൃഷിയന്ത്രങ്ങളും കൊണ്ടുപോകുന്നതിനുള്ള ഫാം റോഡ് നിർമ്മാണത്തിനായി വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിനു ടി പാടശേഖരത്തിലെ 121/1,122/1,123/1,124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാലാ സമർപ്പിച്ച അപേക്ഷയിന്മേൽ നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും , ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട് തുടങ്ങിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ RIDF-24 പദ്ധതിയിൽ നിന്ന് പ്രസ്തുത പ്രവൃത്തി ഒഴിവാക്കുവാനും അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും സമിതിയുടെ തീരുമാനം സർക്കാരിലേക്ക് അറിയിക്കുകയും ചെയ്തു.

3. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്റ്റിന്റെ 10-ാം വകുപ്പിന്റെ (1)ാം ഉപവകുപ്പ് പ്രകാരം, ടി ആക്റ്റിന്റെ 3-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ടി

ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്. എന്നാൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശിപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽക്കൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ലായെന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്യാലല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

4. RIDF 24 - ആലങ്കേരി പാടശേഖരം, തലയോലപറമ്പ് പഞ്ചായത്ത്, കോട്ടയം - ഫാം ബണ്ടും - 80.115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും, കർഷകരുടെ ആവശ്യപ്രകാരം പാടശേഖരത്തിലൂടെ കൃഷിക്കാവശ്യമായ അസംസ്കൃത വസ്തുക്കളും യന്ത്രസാമഗ്രികളും കൊണ്ടുപോകുന്നതിനും കാർഷിക ഉത്പന്നങ്ങൾ തിരികെ കൊണ്ടുവരുന്നതിനും യാതൊരുവിധ മാർഗ്ഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിലാണ് മേൽ പ്രവൃത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്നും ഫാം ബണ്ട് ഇല്ലാത്ത സാഹചര്യത്തിൽ കർഷകർ വളരെയേറെ ക്ലേശങ്ങൾ സഹിച്ചും സാമ്പത്തികമായി വളരെ ചെലവ് ഉൾക്കൊണ്ടുമാണ് ഇപ്പോൾ ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതെന്നും, പാടശേഖരത്തിലെ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയോ കൃഷി നടത്താൻ പറ്റാത്ത സാഹചര്യങ്ങൾ നിലനിൽക്കുകയോ ചെയ്യുന്നില്ല എന്നും കർഷകർക്ക് വളരെയേറെ ഉപകാരപ്രദവും കാർഷിക ചെലവ് കുറയ്ക്കുവാൻ സാധ്യമാകുമെന്നതിനാൽ മേൽ പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം കൈവരിക്കുന്നതിനായി ഫാം ബണ്ടിന്റെ നിർമ്മാണം അത്യന്താപേക്ഷിതമാണെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 20.10.2022-ൽ കൃഷി വകുപ്പ്

സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ RIDF പദ്ധതികളുടെ അവലോകന യോഗതീരുമാന പ്രകാരം മേൽ പരാമർശിച്ചിരുന്ന ഫാം ബണ്ടിന്റെ പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പുന:പരിശോധിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

5. സംസ്ഥാനതല സമിതി, അപേക്ഷയിലെ ആവശ്യം ശുപാർശ ചെയ്യാത്തതിനാൽ 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം അപ്രകാരമുള്ള പരിവർത്തനപ്പെടുത്താലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം സർക്കാരിന് ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്.

6. കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിന് ടി പാടശേഖരത്തിലെ 121/1 ,122/1, 123/1, 124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി സംസ്ഥാനതല സമിതി റിപ്പോർട്ട് മറികടന്ന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കണം എന്ന വ്യവസ്ഥയിൽ അനുമതി നൽകാവുന്നതാണ് എന്ന ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ ശുപാർശ ബഹു.മുഖ്യമന്ത്രി അംഗീകരിക്കുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഫാം റോഡ് നിർമ്മിക്കുന്നതിന് 121/1, 122/1, 123/1, 124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം

സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് മറികടന്ന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്താൻ അനുമതി നൽകാമോ ;

എ) നിർദ്ദിഷ്ട ബണ്ട് റോഡിന്റെ ഇരുവശങ്ങളിലേയും പാടശേഖരത്തിലെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും, ജലനിർഗ്ഗമനത്തിനും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു വേണ്ടി മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണവകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.